**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.വി.എസ്.സന്തോഷ് കുമാറിന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തിക മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ പൂർണ്ണ അംഗത്വം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2768/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 29.10.2018.**

പരാമർശം: 1) 22.04.1992-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 8017/റൂൾസ്-1/1991/ഉഭപവ നമ്പർ സർക്കുലർ

2) സ.ഉ.(കൈ) നം.28/1995/ആർഡിഡി തീയതി 02.05.1995

3) 25.04.2018, 30.06.2018, 19.09.2018 തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 1599/എസ്റ്റാ.എ1/17/സിആർഡി നമ്പർ കത്തുകൾ

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.വി.എസ്.സന്തോഷ് കുമാറിനെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ പൂർണ്ണ അംഗത്വം നല്കി ഉത്തരവാകണമെന്ന് പരാമർശം (3)-ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2. പരാമർശം (2) പ്രകാരം ഗ്രാമ വികസന വകുപ്പിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായി നിയമിതനായ ശ്രീ. വി.എസ്. സന്തോഷ് കുമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലെ നിരീക്ഷണകാലം 01.01.2002 മുതൽ പ്രാബല്യത്തിലും, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലെ നിരീക്ഷണകാലം 23.12.2003 മുതൽ പ്രാബല്യത്തിലും, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലെ നിരീക്ഷണകാലം 17.07.2009 മുതൽ പ്രാബല്യത്തിലും, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലെ നിരീക്ഷണകാലം 28.06.2012 മുതൽ പ്രാബല്യത്തിലും വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന വകുപ്പിലെ ഏറ്റവും സീനിയർ ഉദ്യോഗസ്ഥനും, നിലവിൽ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുമായ ശ്രീ. വി.എസ്. സന്തോഷ് കുമാറിന് ചുവടെ പട്ടികയിൽ ചേർത്തിരിക്കും പ്രകാരം വിവിധ തസ്തികകളിൽ പൂർണ്ണ അംഗത്വം നല്കിക്കൊണ്ട് ഉത്തരവാകുന്നു.

| തസ്തികയുടെ പേര് | പൂർണ്ണ അംഗത്വം നൽകുന്ന തീയതി |
|---|---|
| അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ | 02.01.2002 |
| ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ | 24.12.2003 |
| ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ | 18.07.2009 |
| അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ | 29.06.2012 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ. വി.എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ